**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** **12-01-2021 - ൽ മറുപടിയ്ക്ക്**

**സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . ഉമ്മർ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2018 ജനുവരി 1 - ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ആരോഗ്യജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി സമയബന്ധിതമായി ഓരോ വർഷവും നടപ്പിലാക്കി വരികയാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കി വരുന്നത്. 2020 ജനുവരി 23 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ആ വർഷത്തെ ആരോഗ്യ-ജാഗ്രതയുടെ ഉദ്ഘാടനം നടത്തിയശേഷം ജില്ലാ ചാർജ്ജുള്ള മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കി വന്നു. 2020-ലെ പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ആരോഗ്യജാഗ്രത 2020 എന്ന പേരിൽ തയ്യാറാക്കിയ കൈപ്പുസ്തകം എല്ലാ ജില്ലകളിലും ലഭ്യമാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിൽ മാലിന്യ നിർമ്മാർജ്ജനം, മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ജലശുദ്ധീകരണം, എലിപ്പനി നിയന്ത്രണം, തുടങ്ങിയവ ജന-പങ്കാളിത്തത്തോടൊപ്പം ആരോഗ്യ-സേനകളുടെയും സഹായത്തോടെ ക്യാമ്പയിനുകളായി നടപ്പിലാക്കാൻ ആരംഭിച്ചു. എന്നാൽ കോവിഡ് മഹാമാരി മൂലം ജനങ്ങൾ ഒത്തു ചേർന്നുള്ള പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കപ്പെട്ടു. എന്നിരുന്നാലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ നടത്തുവാൻ ജില്ലകൾക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയതനുസരിച്ച് കോവിഡിനൊപ്പം മറ്റ് സാംക്രമിക രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ചിട്ടയോടെ നടത്തുകയുണ്ടായി. കൂടാതെ ബഹു.മുഖ്യമന്ത്രി, ബഹു.ആരോഗ്യമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) തുടങ്ങിയവരുടെ നേതൃത്വത്തിൽ ഓൺലൈൻ യോഗങ്ങൾ വഴി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിരുന്നു. സംസ്ഥാന/ ജില്ല തലങ്ങളിൽ ദിവസേന/പ്രതിവാര/പ്രതിമാസം ഉള്ള ഐ.ഡി.എസ്.പി യോഗങ്ങളിലും പകർച്ചവ്യാധി വിവരവും നിയന്ത്രണ പ്രവർത്തനങ്ങളും വിലയിരുത്തി ജില്ലകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇത് കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുവാൻ കാരണമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിലവിലുള്ള പകർച്ചവ്യാധി നിയന്ത്രണനിയമം അനുസരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് പനി, എച്ച്1എൻ1, ചിക്കൻപോക്സ്, ജലജന്യരോഗങ്ങൾ, കൊതുക് ജന്യരോഗങ്ങളായ ഡെങ്കിപ്പനി, മലമ്പനി, ജപ്പാൻ ജ്വരം തുടങ്ങിയവ മുൻവർഷത്തേക്കാൾ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 2019-20 കാലയളവിൽ സാംക്രമിക രോഗങ്ങൾ പിടിപെട്ടവരുടെയും മരണമടഞ്ഞവരുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | 2019, 2020 വർഷങ്ങളിൽ വിവിധ പകർച്ചവ്യാധികൾ പിടിപെട്ടവരുടെയും മരണമടഞ്ഞവരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഗണ്യമായ തോതിലുള്ള മരണനിരക്ക് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഓരോ പകർച്ചവ്യാധിയും തുടക്കത്തിൽ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കാൻ ഫീൽഡ്തലത്തിലും ആശുപത്രി തലത്തിലും രോഗനിരീക്ഷണം കാര്യക്ഷമമാക്കി. രോഗപരിശോധനയ്ക്കും, സ്ഥിരീകരണത്തിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക മൂലം രോഗം ഏതാണെന്ന് ഉറപ്പാക്കാനും ശരിയായ ചികിത്സ നൽകാനും സാധിച്ചു. ഓരോ രോഗത്തിന്റെയും അംഗീകൃത ചികിത്സാ മാർഗരേഖകൾ ആശുപത്രിയിൽ ലഭ്യമാക്കി അതനുസരിച്ചുള്ള ചികിത്സയാണ് രോഗികൾക്ക് നൽകിവരുന്നത്. അതോടൊപ്പം ആശുപത്രിയിൽ ആവശ്യാനുസരണം ഐ.സി.യു സൗകര്യം, വെന്റിലേറ്റർ സൗകര്യം തുടങ്ങിയവയും ഉറപ്പാക്കിയിരുന്നു. ടെസ്റ്റ് കിറ്റുകൾ, മരുന്ന്, മറ്റ് അനുബന്ധ സാധന സാമഗ്രികൾ എന്നിവയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ പകർച്ചവ്യാധിമൂലം മരണമടഞ്ഞവരുടെ ഡെത്ത് ഓഡിറ്റിംഗ് വിദഗ്ധ സമിതി നടത്തുകയും അതിൽ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളാക്കി ജില്ലകളിൽ നൽകി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## *DATA ON COMMUNICABLE DISEASES*
## (Jan - Dec31) (2019- 2020)

| Sl.No. | Name of Diseases | | 2019 | | 2020* | |
|---|---|---|---|---|---|---|
| | | | Case | Death | Case | Death |
| 1 | Dengue Fever | | 4651 | 14 | 2692 | 5 |
| 2 | Malaria | | 656 | 1 | 198 | 1 |
| 3 | Chikungunya | | 109 | 0 | 549 | 0 |
| 4 | AES (Sus.JE) | | 59 | 5 | 14 | 1 |
| 5 | Japanese Encephalitis (JE) | | 11 | 2 | 0 | 0 |
| 6 | Leptospirosis | | 1211 | 57 | 1007 | 31 |
| 7 | Hepatitis - A | | 1620 | 7 | 434 | 1 |
| 8 | Hepatitis - B | | 828 | 6 | 472 | 3 |
| 9 | Cholera | | 9 | 0 | 2 | 0 |
| 10 | Diptheria | | 32 | 2 | 0 | 0 |
| 11 | Typhoid | | 27 | 0 | 19 | 0 |
| 12 | ADD (Diarrhoea) | | 544027 | 6 | 243876 | 1 |
| 13 | Scrub Typhus | | 579 | 14 | 414 | 11 |
| 14 | Kala Azar | | 4 | 0 | 1 | 0 |
| 15 | Kysanur Forest Disease | | 8 | 2 | 29 | 3 |
| 16 | H1N1 | | 853 | 45 | 61 | 2 |
| 17 | C.pox | | 29583 | 20 | 14861 | 2 |
| 18 | Nipah | | 1 | 0 | 0 | 0 |
| 19 | West Nile Fever | | 11 | 2 | 0 | 0 |
| 20 | Fever | OP | 2862375 | 51 | 1257259 | 28 |
| | | IP | 60080 | | 18808 | |

*Provisional Data